ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. എൺപതാം സ്വാതന്ത്ര്യദിനം പ്രൗഢോജ്വലമായി ആഘോഷിച്ച് രാജ്യം; ദേശീയ യുദ്ധസ്മാരകത്തിൽ ആദരമർപ്പിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു; ചുവപ്പുകോട്ടയിൽ രാഷ്ട്രത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Nation celebrates 80th Independence Day with grandeur; President Droupadi Murmu pays homage at the National War Memorial; Prime Minister Narendra Modi addresses the nation from the Red Fort.**

2. ആധുനിക സാങ്കേതികവിദ്യയുടെ അടിത്തറയായ നിർണായക ധാതു മേഖലയിൽ കരുത്തുറ്റ സാന്നിധ്യമാകാൻ ഇന്ത്യ ഒരുങ്ങുകയാണെന്ന് പ്രധാനമന്ത്രി.

**Prime Minister says India is poised to emerge as a strong presence in the critical minerals sector, the foundation of modern technologies.**

3. കേരളത്തിന് കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ പുരസ്കാരം; അംഗീകാരം സംരംഭകർക്കു നൽകിയ മികച്ച പ്രോത്സാഹനത്തിന്.

**Kerala to receive award from the Union Ministry of Food Processing Industries; recognition for outstanding encouragement to entrepreneurs.**

4. കേരളത്തിലെ ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് നാളെ തൃപ്പൂണിത്തുറ അത്തച്ചമയം.

**Thrippunithura Athachamayam to mark the beginning of Onam celebrations in Kerala tomorrow.**

5. **ഇന്തോനേഷ്യയിലുണ്ടായ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 38 ആയി.**

**Death toll in Indonesia earthquake rises to 38.**

6. **ശ്രീലങ്കക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് മികച്ച തുടക്കം. ദേവദത്ത് പടിക്കലിനു സെഞ്ചുറി.**

**India makes strong start in first cricket Test against Sri Lanka; Devdutt Padikkal scores a century.**

**&&&&&&&&&&&&&&&&&&&&**

## PREZ- NWM TRIBUTE

വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്കുള്ള ദൃഢ നിശ്ചയവുമായി രാജ്യം ഇന്ന് 80-ാം സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു. ദിനാഘോഷങ്ങളുടെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.

**&&&&&&&&&&&&&&&&&&&&**

## INDEPENDENCE DAY

ഡൽഹിയിലെ ചുവപ്പ്കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്തു. ചരിത്രത്തിലാദ്യമായി പതാകയുയർത്തലിന് മുന്നോടിയായി 'വന്ദേമാതരവും ആലപിച്ചു. ആചാരപരമായ 21 ഗൺ സല്യൂട്ടിന്റെയും വ്യോമസേനയുടെ Mi-17 ഹെലികോപ്റ്ററുകളിൽ നിന്നുള്ള പുഷ്പവൃഷ്ടിയുടെയും അകമ്പടിയോടെയാണ് ദേശീയ പതാക വാനിലുയർന്നത്. വിവിധ മേഖലകളിൽ നിന്നുള്ള അയ്യായിരത്തോളം പ്രത്യേക ക്ഷണിതാക്കൾ ഉൾപ്പെടെ നിരവധി പേർ ന്യൂഡൽഹിയിലെ ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു.

**&&&&&&&&&&&&&&&&&&&&**

## PM YOUTH- INDEPENDENCE DAY- INTRO

ഇന്ന് ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറിയിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2047-ഓടെ ഭാരതത്തെ വികസിത രാഷ്ട്രമാക്കുകയെന്ന ലക്ഷ്യത്തിൽ യുവശക്തിയുടെ പങ്ക്‌വളരെ വലുതാണെന്നും ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു കോടി യുവാക്കൾക്ക് നിർമിത ബുദ്ധി മേഖലയിൽ സൗജന്യ പരിശീലനം നൽകും. പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും പൊതുപരീക്ഷകൾക്കായി മികച്ച അധ്യാപകരെ ഉൾപ്പെടുത്തി സൗജന്യ ഓൺലൈൻ കോച്ചിംഗ് ലഭ്യമാക്കും. 5 നും 15 നും ഇടയിൽ പ്രായമുള്ള കുട്ടികളിലെ കഴിവുകൾ കണ്ടെത്താൻ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് 'ടാലന്റ് ഹണ്ട്' നടത്തുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&&&**

## PM MINERAL- INTRO

ആധുനിക സാങ്കേതികവിദ്യയുടെ അടിത്തറയായ നിർണായക ധാതു മേഖലയിൽ ശക്തമായ സാന്നിധ്യമാകാൻ ഇന്ത്യ ഒരുങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ ലക്ഷ്യം മുൻനിർത്തി ഇന്ത്യ നിർണായക ധാതു ഇടനാഴി പ്രഖ്യാപിച്ചതായി പ്രധാനമന്ത്രി വ്യക്തമാക്കി. 2014-ന് ശേഷം ഇന്ത്യ ഏകദേശം 40 രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടെന്നും, ഇത് ഇന്ത്യൻ വ്യവസായങ്ങൾക്കും കയറ്റുമതിക്കാർക്കും വൻ അവസരങ്ങളാണ് സൃഷ്ടിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും 33 ശതമാനം വനിതാ സംവരണം എത്രയും വേഗം നടപ്പിലാക്കാൻ രാഷ്ട്രീയ ഭിന്നത മാറ്റിവെച്ച് എല്ലാവരും ഒന്നിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&&&

## INDEPENDENCE- INTRO

കഴിഞ്ഞ 12 വർഷത്തിനിടയിൽ രാജ്യം കൈവരിച്ച വളർച്ച എടുത്തുകാണിക്കുന്നതായിരുന്നു ചുവപ്പ്കോട്ടയിൽ പ്രധാനമന്ത്രിയുടെ പ്രസംഗം. ജനങ്ങളുടെ കഠിനാധ്വാനവും സമർപ്പണവുമാണ് രാജ്യത്തെ പുതിയ ഉയരങ്ങളിലെത്തിച്ചതെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

ഒരു റിപ്പോർട്ട് .....

(വോയിസ്)

## INDEPENDENCE - VOICE

കഴിഞ്ഞ 12 വർഷത്തിനിടയിൽ ഉത്പാദനം, ഡിജിറ്റൽ വളർച്ച, പൗരന്മാർക്കുള്ള സേവനവിതരണം എന്നിവയിലെ ഇന്ത്യയുടെ പുരോഗതി പ്രധാനമന്തി എടുത്തു പറഞ്ഞു. ആധുനിക കാലഘട്ടത്തിൽ ഊർജ്ജ സുരക്ഷ അനിവാര്യതയാണെന്നും 2047-ഓടെ 100 ജിഗാവാട്ട് ആണവോർജ്ജ ശേഷി കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ മുന്നോട്ട് പോകുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഈ ദശകത്തിൽ അഞ്ച് പുതിയ ആണവ റിയാക്ടറുകൾ സ്ഥാപിക്കും. മൂന്ന് സെമികണ്ടക്ടർ പ്ലാന്റുകളിൽ ഇതിനകം ഉൽപ്പാദനം ആരംഭിച്ചതായും പ്രധാനമന്ത്രി അറിയിച്ചു. രാജ്യത്തെ പ്രതിരോധ ഉൽപ്പാദനം നാല് മടങ്ങ് വർദ്ധിച്ചു. ഡിജിറ്റൽ ഇടപാടുകൾ 100 മടങ്ങും ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണം നാല് മടങ്ങും ഉയർന്നു. രാജ്യത്ത് നക്സൽ-മാവോയിസ്റ്റ് അക്രമ സംഭവങ്ങൾക്ക് അന്ത്യം കുറിക്കുകയാണെന്ന് ശ്രീ മോദി പറഞ്ഞു. വികസനത്തിന് ആക്കം കൂട്ടാനായി സപ്തധാര എന്ന പരിഷ്കരണ ചട്ടക്കൂടും പ്രധാനമന്ത്രി

പ്രഖ്യാപിച്ചു.
ന്യൂസ്ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&&&

## PM I DAY WISHES

ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ആശംസകൾ നേർന്ന ലോക നേതാക്കൾക്ക് പ്രധാനമന്ത്രി നന്ദി അറിയിച്ചു. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോ, മാൽദീവ്സ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസ്സു, നേപ്പാൾ പ്രധാനമന്ത്രി ബലെന്ദ്ര ഷാ, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ് തോബ്ഗെ, സിംഗപൂർ പ്രസിഡൻറ് ടി ഷൺമുഖ രത്നം, ഇസ്രായേൽ പ്രസിഡൻറ് ഐസക് ഹെർസോഗ്, സ്ലൊവാക്യൻ പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിനി, അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ തുടങ്ങിയവർക്ക് ശ്രീ മോദി നന്ദി രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&&

## DAY CELEBRATIONS-ABROAD

വിദേശരാജ്യങ്ങളിൽ ഇന്ത്യയുടെ 80-ാം സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു. എംബസികളിലും കോൺസുലേറ്റുകളിലും പതാകയുയർത്തി.

&&&&&&&&&&&&&&&&&&&&

## STATE INDEPENDENCE DAY

കേരളത്തിലും സ്വാതന്ത്ര്യദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി ഡി സതീശൻ ദേശീയ പതാക ഉയർത്തി. കരുണയും സേവന തൽപരതയും സഹിഷ്ണുതയുമുള്ള പുതുയുഗ കേരളം സൃഷ്ടിക്കാൻ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് ശ്രീ വി ഡി സതീശൻ പറഞ്ഞു. ജില്ലാ ആസ്ഥാനങ്ങളിൽ സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് മന്ത്രിമാർ

നേതൃത്വം നൽകി. നിയമസഭ സമുച്ചയത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ദേശീയ പതാക ഉയർത്തി.

&&&&&&&&&&&&&&&&&&&&

## IND. DAY CELEBRATION

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിലും വിപുലമായ പരിപാടികളാണ് നടന്നത് . തൃശൂർ ഭാരതീയ വിദ്യാഭവനിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ദേശീയ പതാക ഉയർത്തി. കേരള വനിതാ കമ്മീഷൻ ആസ്ഥാനത്ത് അധ്യക്ഷ പി സതീദേവി ദേശീയപതാക ഉയർത്തി. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ, കമ്മീഷണർ എൻ. ശേഷാദ്രിനാഥനും പതാക ഉയർത്തി. തിരുവനന്തപുരം ആകാശവാണി നിലയത്തിൽ മേധാവി എ ജി ബൈജു ദേശീയപതാക ഉയർത്തി.

&&&&&&&&&&&&&&&&&&&&

## AUROBINDO

ശ്രീ അരബിന്ദോയുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. മഹാനായ ദാർശനികനും ദേശീയവാദിയും കവിയും ചിന്തകനുമായിരുന്ന ശ്രീ അരബിന്ദോ, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും മാനവ പുരോഗതിക്കും വേണ്ടിയുള്ള പോരാട്ടങ്ങൾക്കായി ജീവിതം സമർപ്പിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## KERALAM- AWARD

കേരളത്തിന് കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ പുരസ്കാരം. പ്രധാൻ മന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതിയുടെ നിർവഹണത്തിലെ മികച്ച

പ്രകടനത്തിനാണ് സംസ്ഥാനത്തിന് അംഗീകാരം. ഈ മാസം 24, 25 തീയതികളിൽ ന്യൂഡൽഹിയിൽ നടക്കുന്ന PMFME കോൺക്ലേവിൽ പുരസ്കാരം സമ്മാനിക്കും.

&&&&&&&&&&&&&&&&&&&&

## ONAM- CM

തൃപ്പൂണിത്തുറ അത്തച്ചമയാഘോഷങ്ങളോടെ കേരളത്തിലെ ഓണാഘോഷങ്ങൾക്ക് നാളെ തുടക്കമാകും. അത്തച്ചമയ ഘോഷയാത്ര മുഖ്യമന്ത്രി വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&

## EVE INDONESIA EARTHQUAKE

ഇന്തോനേഷ്യയിലുണ്ടായ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 38 ആയി. 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പമാണ് റിപ്പോർട്ട് ചെയ്തത്. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ സുനാമിയുമുണ്ടായി. ഇടക്കിടെയുണ്ടാകുന്ന മണ്ണിടിച്ചിൽ രക്ഷാപ്രവർത്തനങ്ങൾ ദുഷ്കരമാക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&&

## CRICKET

ശ്രീലങ്കക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൻറെ ആദ്യ ദിനം ഇന്ത്യയ്ക്ക് മികച്ച തുടക്കം. ഒന്നാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ 2 വിക്കറ്റിന് 288 റൺ എന്ന നിലയിലാണ്. ഇന്ത്യക്കായി ദേവദത്ത് പടിക്കൽ സെഞ്ചുറി നേടി.

&&&&&&&&&&&&&&&&&&&&

**HOCKEY** ഹോക്കി ലോകകപ്പ് പുരുഷ വിഭാഗത്തിൽ വെയിൽസിനെതിരെ ഇന്ത്യയ്ക്ക് ജയം. നെതർലൻഡ്സിലെ വാഗ്നർ ഹോക്കി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 3-1നാണ് ഇന്ത്യ ജയിച്ചത്.

&&&&&&&&&&&&&&&&&&&&

## BRICS ICT TRACK

ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് പുണെയിൽ ബ്രിക്സ് ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജീസ് ട്രാക്ക് സംഘടിപ്പിക്കും. നവീകരണം, സഹകരണം, പരിഷ്ക്കരണം എന്നതാണ് മറ്റന്നാൾ ആരംഭിക്കുന്ന പരിപാടിയുടെ പ്രമേയം. ഏഴാമത് ബ്രിക്സ് ഐസിടി കർമസമിതിയുടെ യോഗത്തോടെ ആരംഭിക്കുന്ന പരിപാടിയിൽ സുസ്ഥിര, ആഗോള വിവര സാങ്കേതിക വിദ്യ, ഡിജിറ്റൽ നൈപുണ്യം, സ്വയംപര്യാപ്തത, സുരക്ഷിത-മനുഷ്യ കേന്ദ്രീകൃത ഡിജിറ്റൽ സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളിൽ ചർച്ചകൾ നടക്കും. പരിപാടി ഈ മാസം 21ന് സമാപിക്കും.

&&&&&&&&&&&&&&&&&&&&

## PIB FACT CHECK - I DAY CASH GRANT

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് സാമ്പത്തിക സഹായം നൽകുന്നുവെന്ന പേരിൽ നടക്കുന്ന വ്യാജ പ്രചാരണങ്ങൾക്കെതിരെ പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം മുന്നറിയിപ്പ് നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദി 5,000 രൂപയുടെ 'ഇൻഡിപെൻഡൻസ് ഡേ ക്യാഷ് ഗ്രാന്റ്" നൽകുന്നുണ്ടെന്നും ഇതിനായി ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൈമാറണമെന്നും ആവശ്യപ്പെട്ട് സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്ത പൂർണ്ണമായും വ്യാജമാണെന്നും കേന്ദ്ര സർക്കാരോ പ്രധാനമന്ത്രിയോ ഇത്തരമൊരു പദ്ധതി പ്രഖ്യാപിച്ചിട്ടില്ല എന്നും സർക്കാർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## CBDT - FAST DS RULE

നികുതിദായകരുടെ വിദേശ ആസ്തികൾ വെളിപ്പെടുത്തൽ പദ്ധതി (ഫാസ്റ്റ്-ഡിഎസ്) ചട്ടങ്ങൾ, 2026 പുറത്തിറക്കി കേന്ദ്ര പ്രത്യക്ഷ

നികുതി ബോർഡ്. യോഗ്യരായ നികുതിദായകർക്ക് വെളിപ്പെടുത്താത്ത വരുമാനം, ആസ്തികൾ എന്നിവ നിശ്ചിത നികുതിയോടെയോ ഫീസോടെയോ വെളിപ്പെടുത്താം. നാളെ പ്രാബല്യത്തിൽ വരുന്ന ഈ പദ്ധതി പ്രകാരം ആസ്തി വെളിപ്പെടുത്തുന്നതിനുള്ള അവസാന തീയതി ഡിസംബർ 31 ആണ്.

&&&&&&&&&&&&&&&&&&&&

&&&&&&&&&&

&&&